(ബി) എങ്കിൽ ലാഭത്തിൽ കുറവ് വരുവാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭവിഹിതം നൽകിയ ഏതെല്ലാം സ്ഥാപനങ്ങളിലാണ് ഈ സർക്കാരിന്റെ കാലത്ത് കുറവ് വന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള The Kerala Minerals & Metals Ltd., Malabar Cements Ltd., Steel and Industrial Forgings എന്നീ സ്ഥാപനങ്ങളുടെ ലാഭവിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ വിലത്തകർച്ച, വിപണി മാന്ദ്യം, മെഷീനറികളുടെ അറ്റകുറ്റപ്പണികൾ മൂലം ഉൽപ്പാദനത്തിൽ ഉണ്ടായിട്ടുള്ള കുറവ്, അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം, വൈദ്യുതി ചാർജ് വർധന മുതലായവ പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം കുറയാൻ കാരണമായിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2010-11) ലാഭവിഹിതം നൽകിയ സ്ഥാപനങ്ങൾ ഈ സർക്കാരിന്റെ കാലത്ത് (2011-12) നൽകിയ ലാഭവിഹിതത്തിൽ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ 2012-13 കാലയളവിൽ The Kerala Minerals & Metals Ltd., Steel and Industrial Forgings എന്നീ സ്ഥാപനങ്ങളുടെ ലാഭവിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. Transformers & Electricals Kerala Ltd. 2012-13 കാലയളവിൽ ലാഭവിഹിതം നൽകിയിട്ടില്ല.

"ചെറുകിട വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധികൾ"

181 (6632) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ചെറുകിട വ്യവസായമേഖലയിൽ പുതിയ സംരംഭങ്ങൾ നടപ്പാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ചെറുകിട വ്യവസായ സംരംഭകർക്ക് ഭൂമി നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഭൂമി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയായിരിക്കുമെന്നും ഇതിനുള്ള ഭൂമി ഏത് മേഖലയിൽ നിന്ന് കണ്ടെത്തി നൽകാനാണ് ആലോചിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാനത്ത് എത്ര ചെറുകിട വ്യവസായസംരംഭങ്ങൾ പ്രതിസന്ധി കാരണം പൂട്ടേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) ഉണ്ട്.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര, സിഡ്കോ, കെഎസ്ഐഡിസി തുടങ്ങിയ ഏജൻസികൾ മുഖേന പുതിയ സംരംഭങ്ങൾ നടപ്പാക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

(സി) ഉണ്ട്.

ചെറുകിട വ്യവസായങ്ങൾക്ക് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഡെവലപ്പ്മെന്റ് ഏരിയ/ഡെവലപ്പ്മെന്റ് പ്ലോട്ട്-കളിൽ സ്ഥലത്തിന്റെ ലഭ്യതയും നിലവിലുള്ള മാനദണ്ഡങ്ങളും അനുസരിച്ച് ഭൂമി നൽകി വരുന്നു. കൂടാതെ, കെ.എസ്.ഐ.ഡി.സി., കിൻഫ്ര, സിഡ്കോ തുടങ്ങിയ ഏജൻസികളുടെ കീഴിലുള്ള വ്യവസായ പാർക്കുകളിലും ഭൂമി അനുവദിക്കുന്നുണ്ട്.

(ഡി) ഒരു വ്യവസായത്തിന് ഭൂമി അനുവദിക്കുന്നതിന്, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വ്യവസായത്തിന്റെ സാമ്പത്തിക-സാങ്കേതിക സാദ്ധ്യതകൾ, അപേക്ഷകന്റെ വിദ്യാഭ്യാസയോഗ്യത (ടെക്നിക്കൽ), പ്രസ്തുത മേഖലയിലെ പ്രവൃത്തി പരിചയം, അപേക്ഷകന്റെ സാമ്പത്തിക സ്ഥിതി എന്നിവ വ്യവസായ വകുപ്പിന് കീഴിലുള്ള ഭൂമി അനുവദിക്കുമ്പോൾ പരിഗണിക്കാറുണ്ട്. ലഭിക്കുന്ന അപേക്ഷകൾ ജില്ലാതല പ്രോജക്ട് അപ്രൈസൽ കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്ന പദ്ധതികൾക്കാണ് മുൻഗണന നൽകി ഭൂമി അനുവദിക്കുന്നത്. സിഡ്കോ, കെ.എസ്.ഐ.ഡി.സി, കിൻഫ്ര എന്നീ ഏജൻസികൾ അവർ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള പൊതുമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഭൂമി അനുവദിക്കുന്നത്.

(ഇ) പ്രതിസന്ധി കാരണം സംസ്ഥാനത്ത് ഏകദേശം 197 ചെറുകിട വ്യവസായ സംരംഭങ്ങൾ പൂട്ടിക്കിടക്കുന്നതായി കണക്കാക്കുന്നു.

### "സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനത്തിന് കർമ്മപദ്ധതികൾ"

182 (6633) ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശി ക്കുന്നതെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;